സംസ്ഥാനത്ത് അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം ലക്ഷ്യമിട്ട് പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനുവേണ്ടി സാങ്കേതിക സാദ്ധ്യതാപഠനത്തിന്റെ അടിസ്ഥാനത്തിൽ പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും നിർമ്മിക്കുവാനും നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കുവാനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മിഷൻ 676-ൽ ഉൾപ്പെടുത്തി 39 സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൊട്ടാരക്കര മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

34 (6485) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഈ കാലയളവിൽ പ്രസ്തുത നിയോജകമണ്ഡലത്തിൽ എത്ര ട്രാൻസ്ഫോർമറുകൾ പുതിയതായി സ്ഥാപിച്ചിട്ടുണ്ട് ; എവിടെയെല്ലാമാണ് ; വിശദമാക്കുമോ ?

ഉത്തരം

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ഈ സർക്കാർ നിലവിൽവന്നതിനുശേഷം 47.83 കി.മീ. 11 കെ.വി. ലൈൻ നിർമ്മിക്കുകയും 43 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 91.60 കി.മീ. കൺവേർഷൻ പ്രവൃത്തികളും ചെയ്തിട്ടുണ്ട്. 2014-15 വാർഷിക പദ്ധതിയിൽ 14.2 കി.മീ. 11 കെ.വി. ലൈൻ നിർമ്മാണവും പുതിയ 8 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനും 19.41 കി.മീ. കൺവേർഷൻ പ്രവൃത്തികളും 150 കി.മീ. റീകണ്ടക്ടറിംഗ് പ്രവൃത്തികളും ചെയ്യുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

(ബി) 43 ട്രാൻസ്ഫോർമറുകൾ. ഇവ സ്ഥാപിച്ച സ്ഥലങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

കിനാലൂരിൽ 110 കെ.വി. സബ്സ്റ്റേഷൻ

35 (6486) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിനാലൂർ കെ.എസ്.ഐ.ഡി.സി.-യിൽ സ്വന്തമായി രണ്ട് ഏക്കർ സ്ഥലമുണ്ടായിട്ടും ഇതുവരെ കെ.എസ്.ഇ.ബി. സബ്സ്റ്റേഷന്റെ പണി തുടങ്ങാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതി പ്രഖ്യാപനം ഉണ്ടായിട്ടും 110 കെ. വി. സബ് സ്റ്റേഷന്റെ പ്രവർത്തനം തുടങ്ങാനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കിനാലൂർ 2X12.5 MVA ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് ഒരു 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുവാൻ 11-7-2012-ൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ കെ.എസ്.ഐ.ഡി.സി.യുടെ 2 ഏക്കർ സ്ഥലം സബ്സ്റ്റേഷൻ നിർമ്മാണത്തിന് സൗജന്യമായി നൽകുകയും കെ.എസ്.ഐ.ഡി.സി.യുടെ വ്യാവസായിക വളർച്ചാകേന്ദ്രത്തിന്റെ വൈദ്യുത ആവശ്യകതയ്ക്കായി 10 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന്റെ പൊതുവ് വഹിക്കണം എന്നുമായിരുന്നു. എന്നാൽ ഈ വ്യവസ്ഥ കെ.എസ്. ഐ.ഡി.സി.ക്ക് സ്വീകാര്യമല്ലാത്തതിനാൽ പ്രസ്തുത പ്രൊപ്പോസൽ പുനഃപരിശോധിച്ചു. കെ.എസ്.ഐ.ഡി.സി.-യുടെ വ്യാവസായിക വളർച്ചാകേന്ദ്രത്തിന് ആവശ്യമായുള്ള വൈദ്യുതി ലഭ്യമാക്കുന്നതിലേക്കായി പ്രസ്തുത പ്രദേശത്ത് 9.50 കോടിരൂപ ചെലവിൽ ബോർഡ് ഒരു 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുവാനും ഇതിലേക്കായി 6.26 കോടിരൂപ കെ.എസ്.ഐ.ഡി.സി. വഹിക്കുവാനുമായുള്ള പ്രൊപ്പോസലിന് കെ.എസ്.ഇ.ബി.ലിമിറ്റഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. തുക അടയ്ക്കുകയും സ്ഥലം കൈമാറുകയും ചെയ്യുന്ന മുറയ്ക്ക് അനന്തരനടപടികൾ കൈക്കൊള്ളുന്നതാണ്.

നാട്ടിക നിയോജകമണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള പട്ടികജാതി അപേക്ഷകർ

36 (6487) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാട്ടിക നിയോജകമണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലാത്ത പട്ടികജാതി അപേക്ഷകരുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ ; പഞ്ചായത്തു തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത അപേക്ഷകർക്ക് എത്ര കാലാവധിക്കുള്ളിൽ കണക്ഷൻ നൽകുമെന്നും ആയതിന് ഏകദേശം എന്തുതുക ചെലവ് വരുമെന്നും അറിയിക്കുമോ ?

ഉത്തരം

(എ) വലപ്പാട് ഗ്രാമ പഞ്ചായത്ത് - 2 എണ്ണം.

തളിക്കുളം ഗ്രാമ പഞ്ചായത്ത് - 3 ''

(ബി) ഈ അഞ്ച് സർവ്വീസ് കണക്ഷനുകൾക്കും പ്രോപ്പർട്ടി ക്രോസിംഗ്മൂലം തടസ്സം നിലനിൽക്കുന്നതിനാൽ പ്രശ്നപരിഹാരത്തിനായി തൃശ്ശൂർ എ.ഡി.എം.-ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്കുമാത്രമേ കണക്ഷനുകൾ നൽകാനാവുകയുള്ളൂ. പ്രസ്തുത കണക്ഷനുകൾ നൽകുന്നതിന് ഏകദേശം 76,850 രൂപ ചെലവ് കണക്കാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly